Cover Page

INTERNATIONAL JOURNAL OF MULTIDISCIPLINARY EDUCATIONAL RESEARCH
ISSN:2277-7881; IMPACT FACTOR :8.017(2023); IC VALUE:5.16; ISI VALUE:2.286
Peer Reviewed and Refereed Journal: VOLUME:12, ISSUE:1(5), January: 2023
Online Copy of Article Publication Available (2023 Issues)
Scopus Review ID: A2B96D3ACF3FEA2A
Article Received: 2nd January 2023
Publication Date:10th February 2023
Publisher: Sucharitha Publication, India
Digital Certificate of Publication: www.ijmer.in/pdf/e-CertificateofPublication-IJMER.pdf

DOI: http://ijmer.in.doi./2023/01.01.106
www.ijmer.in

# കൂടിയാട്ടം: ചതുർവിധാഭിനയങ്ങളുടെ സമഗ്രസമവേതം

## ഡോ. മേരി എം. ഏബ്രഹാം

**കേരളത്തിന്** പ്രാചീനകാലം മുതൽതന്നെ സമഗ്രമായ അഭിനയപാരമ്പര്യമുണ്ട്. ദേശകാലാനുസൃതമായി അത് വ്യത്യസ്തങ്ങളായ അഭിനയസമ്പ്രദായങ്ങളെ യഥായോഗ്യം സ്വാംശീകരിച്ച് വിവിധങ്ങളായ കലാരൂപങ്ങളായി രൂപം പ്രാപിച്ചു. മറ്റു വിഷയങ്ങളെപ്പോലെതന്നെ ശാഖോപശാഖകളോടുകൂടിയ അഭിനയത്തിന് വ്യവസ്ഥാപിതമായ ഒരു ചിട്ടയുണ്ടാകുന്നത് ഭരതമുനിയുടെ നാട്യശാസ്ത്രത്തിന്റെ ആവിർഭാവത്തോടുകൂടിയാണ്. സംസ്കൃതാഭിജ്ഞന്മാരായ വരേണ്യവർഗത്തിനുമാത്രം പ്രയോഗിക്കാവൂന്നതും ആസ്വദിക്കാവുന്നതുമായ ക്ലാസ്സിക്കൽ കലാരൂപങ്ങളെന്നും സമാന്യജനത്തിനു പ്രയോഗിക്കാവുന്നതും ആസ്വദിക്കാവുന്നതുമായ നാടൻ കലാരൂപങ്ങളെന്നും ഉള്ള ഒരു വേർതിരിവ്, മേലാളരെന്നും കീഴാളരെന്നുമുള്ള വേർതിരിവുപോലെ ആര്യന്മാരുടെ അധീശത്വം നിലനിന്നകാലം മുതൽ കേരളത്തിലും ഏറെക്കാലം നിലനിന്നു. അവയിൽ പ്രധാനമായത് ഉപരിവർഗ്ഗം കയ്യാളിയിരുന്ന സംസ്കൃതനാടകങ്ങളായിരുന്നു. സംസ്കൃതനാടകങ്ങളെ ഏറെക്കുറെ നാട്യശാസ്ത്രവിധിപ്രകാരം വളരെ വിസ്തരിച്ചഭിനയിച്ചിരുന്ന കേരളീയരീതി പതിനൊന്നാം നൂറ്റാണ്ടുമുതൽ പ്രചാരത്തിൽ വന്നിരുന്നു. കാലക്രമേണ അതിൽ പലമാറ്റങ്ങളും പരിഷ്കാരങ്ങളും വന്നു.

കേരളത്തിൽ നിലനിന്നിരുന്ന സംസ്കൃതനാടകാവതരണത്തിന്റെ മാതൃകയാണ് പ്രാചീനമായ അഭിനയസമ്പ്രദായങ്ങൾ സമഞ്ജസമായി സമ്മേളിച്ച കൂടിയാട്ടം. കൂടിയാട്ടത്തിൽ അഭിനയത്തിന് നൃത്തത്തേക്കാൾ പ്രാധാന്യം നല്കിയിരുന്നതിനാൽ കൂടിയാട്ടത്തിനെ അഭിനയത്തിന്റെ മാതാവ് എന്നും വിശേഷിപ്പിക്കുന്നു.


Cover Page

INTERNATIONAL JOURNAL OF MULTIDISCIPLINARY EDUCATIONAL RESEARCH
ISSN:2277-7881; IMPACT FACTOR :8.017(2023); IC VALUE:5.16; ISI VALUE:2.286
Peer Reviewed and Refereed Journal: VOLUME:12, ISSUE:1(5), January: 2023
Online Copy of Article Publication Available (2023 Issues)
Scopus Review ID: A2B96D3ACF3FEA2A
Article Received: 2nd January 2023
Publication Date:10th February 2023
Publisher: Sucharitha Publication, India
Digital Certificate of Publication: www.ijmer.in/pdf/e-CertificateofPublication-IJMER.pdf

DOI: http://ijmer.in.doi./2023/01.01.106
www.ijmer.in

ഏറ്റവും പ്രാചീനമായ സംസ്കൃതനാടക രൂപങ്ങളിലൊന്നായ കൂടിയാട്ടത്തിന് ഏകദേശം 800 വർഷത്തെ പഴക്കം കല്പിക്കാം.

ചാക്യാർ പുരാണകഥ പറയുന്നതിനെ ചാക്യാർകൂത്തെന്നും നങ്ങ്യാർ പുരാണകഥ അഭിനയിക്കുന്നതിനെ നങ്ങ്യാർകൂത്തെന്നും പറയുന്നു. ചാക്യാർകൂത്തിന്റെ വികസിതരൂപമായി കേരളത്തിൽ നടപ്പിലായ ഒരു വിശിഷ്ട നാട്യകലയാണ് കൂടിയാട്ടം എന്നൊരു പക്ഷവുമുണ്ട്. വാചികം, ആംഗികം, ആഹാര്യം, സാത്വികം എന്നീ നാലുവിധം അഭിനയങ്ങളെ കൂട്ടിയിണക്കി നൃത്തവാദ്യങ്ങളോടുകൂടി ചാക്യാന്മാരും നങ്ങ്യാന്മാരും കൂടി സംസ്കൃതനാടകം അഭിനയിക്കുന്നതാണ് കൂടിയാട്ടം എന്നു സാമാന്യമായി പറയാം.

ഗൗരവമായ അഭിനയരീതിയെയാണ് ആട്ടം എന്ന് പൊതുവേ പറയുന്നത്. ഒന്നിലധികം കഥാപാത്രങ്ങളുടെ കൂടിയാട്ടം, സ്ത്രീപുരുഷ കഥാപാത്രങ്ങൾ കൂടിച്ചേർന്നുള്ള ആട്ടം, നൃത്തം, നൃത്യം, നാട്യം എന്നീ തൗര്യത്രികങ്ങളുടെ കൂടിയാട്ടം ആണ്. നായകനും നായികയും കൂടി രംഗപ്രവേശം ചെയ്ത് നായകനും വിദൂഷകനും കൂടിച്ചേർന്നതുകൊണ്ടുമാകാം ഇതിന് കൂടിയാട്ടം എന്ന് പേര് വന്നുചേർന്നത്. ഏതായാലും ചാക്യാർ ഏകാഭിനയമായി അരങ്ങത്തുവന്നാടുന്ന രൂപത്തിൽനിന്ന് ഒന്നിൽ കൂടുതൽ നടന്മാർ കൂടിയാടുന്ന രംഗാവിഷ്കാരം എന്ന നിലയിൽ വളർച്ച പ്രാപിച്ചപ്പോഴാകണം കൂടിയാട്ടം എന്ന പേരിന് അംഗീകാരം കിട്ടിയത്. അഭിനയത്തികവിന് ഉപോദ്ബലകമായ എല്ലാ ഘടകങ്ങളും കൂടിച്ചേർന്നുള്ള ആട്ടം അഥവാ സമഗ്രാഭിനയം എന്നും കൂടിയാട്ടത്തെ നിർവചിക്കാം. കൂടിയാട്ടം എന്നാണ് പേരെങ്കിലും ഏകനടാഭിനയപ്രധാനമാണ് കൂടിയാട്ടം. അനേകം കഥാപാത്രങ്ങളുള്ള സംസ്കൃതനാടകങ്ങളെ ഏകപാത്രാധിഷ്ഠിത മാക്കിയെന്നുള്ളതാണ് കൂടിയാട്ടത്തിന്റെ പ്രത്യേകത. മറ്റുള്ള ദൃശ്യകലാരൂ പങ്ങളെ അപേക്ഷിച്ച് ഏകാഭിനയപ്രധാനസന്ദർഭങ്ങളിൽ മറ്റ് അപ്രധാനകഥാപാത്രങ്ങൾ ഒരു പ്രത്യേക ചുവടുവയ്പ്പോടെ രംഗത്തുനിന്നു പോകുന്ന ഒരു സവിശേഷരീതിയും കൂടിയാട്ടത്തിനുണ്ട്. മുഖ്യനടന്റെ ആട്ടം കഴിഞ്ഞാൽ മുൻപ് രംഗത്തുനിന്നുപോയ കഥാപാത്രം വീണ്ടും അതേ സ്ഥാനത്തുതന്നെ വന്നു നില്ക്കും.

ഒരു കാലത്ത്, കൂടിയാട്ടം എന്ന അഭിനയകല ക്ഷേത്രമതിൽക്കെട്ടിനുള്ളിൽ കുടിയിരുത്തപ്പെടുകയും അതിന്റെ ചുമതലക്കാരായി ചാക്യാർ സമുദായം നിശ്ചയിക്കപ്പെടുകയും ചെയ്തു.(1) നാടകാഭിനയം കുലത്തൊഴിലായ ഒരു സമുദായം ലോകത്തിൽ മറ്റെങ്ങും കാണാൻ ഇടയില്ല. അന്യസമുദായക്കാർ. ഇത് അഭ്യസിക്കുന്നുണ്ടെങ്കിലും കാലാകാലങ്ങളായി ജന്മവാസനയും പാണ്ഡിത്യവുമുള്ള ചാക്യന്മാരാണ്, സംസ്കൃതനാടകാഭിനയത്തെ ഇന്നുകാണുന്ന രൂപത്തിൽ ചിട്ടപ്പെടുത്തി കൂടിയാട്ടമായി വിക

INTERNATIONAL JOURNAL OF MULTIDISCIPLINARY EDUCATIONAL RESEARCH
ISSN:2277-7881; IMPACT FACTOR :8.017(2023); IC VALUE:5.16; ISI VALUE:2.286
Peer Reviewed and Refereed Journal: VOLUME:12, ISSUE:1(5), January: 2023
Online Copy of Article Publication Available (2023 Issues)
Scopus Review ID: A2B96D3ACF3FEA2A
Article Received: 2nd January 2023
Publication Date:10th February 2023
Publisher: Sucharitha Publication, India
Digital Certificate of Publication: www.ijmer.in/pdf/e-CertificateofPublication-IJMER.pdf
Cover Page
DOI: http://ijmer.in.doi./2023/01.01.106
www.ijmer.in

സിപ്പിച്ചത്. മുൻകാലങ്ങളിൽ പൂർണരൂപത്തിൽ ഒരു കഥ കൂടിയാട്ടരൂപത്തിൽ നാല്പത്തിയൊന്നു ദിവസംകൊണ്ടാണ് അവതരിപ്പിച്ചിരുന്നത്. കാലഗണന അനുസരിച്ച് കൂടിയാട്ടം കഥകളിക്കു മുമ്പേ വരേണ്ടതാണ്. എങ്കിലും കഥകളിയ്ക്കൊപ്പം ഓടിയെത്താൻ കൂടിയാട്ടത്തിന് ഇന്നും കഴിഞ്ഞിട്ടില്ല.

ബി.സി. നാലാം നൂറ്റാണ്ടിനും എ.ഡി. ആറാം നൂറ്റാണ്ടിനും ഇടയിലാണ് സംസ്കൃതനാടകാവതരണത്തിന്റെ സുവർണകാലമെന്നു പറയുന്നത്. സംസ്കൃത നാടകങ്ങളുടെ രചനയിൽ അദ്ഭുതം സൃഷ്ടിച്ച ഭാസനും കാളിദാസനും എഴുതിക്കൂട്ടിയ നാടകങ്ങളുടെ എണ്ണത്തിലുണ്ടായ വൈപുല്യവും നാടകാദികളായ അക്കാലത്തെ നൃത്യനാട്യകലകളുടെ അഭിവൃദ്ധി സൂചിപ്പിക്കുന്ന എ.ഡി. ഏഴാം നൂറ്റാണ്ടിൽ മഹേന്ദ്രവിക്രമവർമൻ രചിച്ച 'മത്തവിലാസപ്രഹസനം' ആണ് ഭാരതത്തിൽ രചിക്കപ്പെട്ട ആദ്യത്തെ സംസ്കൃതനാടകം. കേരളത്തിൽ രചിക്കപ്പെട്ട ആദ്യത്തെ സംസ്കൃത നാടകം ശക്തിഭദ്രന്റെ 'ആശ്ചര്യചൂഡാമണി'യും (രണ്ടാമത്തേത് നീലകണ്ഠകവിയുടെ കല്യാണസൗഗന്ധികവുമാണെന്നും അഭിപ്രായമുണ്ട്.) ചേരസാമ്രാജ്യത്തിന്റെ കേന്ദ്രീകൃത ഭരണവ്യവസ്ഥയ്ക്കു കോട്ടം വന്നപ്പോൾ രൂപപ്പെട്ടുന്ന നാട്ടുക്കൂട്ടങ്ങൾക്കായി അധികാരം. ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ടുണ്ടായ ഗ്രാമജീവിതവും ഉപരിവർഗ്ഗമായിരുന്ന ബ്രാഹ്മണർക്ക് മറ്റു ജാതികളിലുള്ളവരോടുണ്ടായ സമീപനവും ഒരു പുതിയ സമൂഹസൃഷ്ടിക്കു വഴിതെളിച്ചു. അതുവരെയുണ്ടായിരുന്ന ജീവിതക്രമങ്ങളിൽ മാത്രമല്ല, ജീവിതത്തിന്റെ സമഗ്രമേഖലകളിലും ആ പരിവർത്തനം സ്വാധീനം ചെലുത്തി. സംസ്കാരിക കലാരംഗങ്ങളിലും ഈ കടന്നുകയറ്റം ഉണ്ടായി.

**നാടകം- ഭക്തിയുടെ പ്രചാരണമാധ്യമം**

വൈദികധർമം പ്രചരിപ്പിക്കുന്നതിനുള്ള കഥകൾ ഒരാൾ അറിയുന്നതിനേക്കാൾ ഭംഗിയായി അഭിനയിച്ചു ഫലിപ്പിക്കുവാനാകും എന്നു മനസ്സിലാക്കി, നാടകം അതിനുള്ള മാധ്യമമാക്കി. അങ്ങനെ മത്തവിലാസം, ഭവദജ്ജുകം, മുതലായ രൂപകങ്ങൾ അതിന്റെ രചനാകാലം മുതൽതന്നെ കേരളത്തിലെ ക്ഷേത്രങ്ങളിൽ കൂടിയാട്ടമായി അവതരിപ്പിക്കാൻ തുടങ്ങി. (കപാലന്റെയും കപാലിയുടെയും ബുദ്ധഭിക്ഷുവിന്റെയും അവതരണത്തിലൂടെ മദ്യപാനത്തിലും മാംസഭക്ഷണത്തിലും തല്പരരായ അവൈദികന്മാരായ ബൗദ്ധരെ പരിഹസിക്കുന്നതിനുമായിരുന്നു മത്തവിലാസം പോലുള്ള പ്രഹസനങ്ങൾ രചിച്ചത്.) അങ്ങനെ വൈദികധർമത്തിന്റെ പ്രചാരണത്തിനുള്ള മാധ്യമമായി മാറി നാടകാവതരണം. എ.ഡി. 11-ാം നൂറ്റാണ്ടിൽ നാടുവാഴിയും നാടകകൃത്തമായിരുന്ന കുലശേഖരവർമ്മൻ സുഭദ്രാധനഞ്ജയം, തപതീസംവരണം എന്നീ നാടകരചനയോടൊപ്പം അതിന്റെ രംഗാവതരണവും നിഷ്കർഷയോടെ വേണമെന്നു ശഠിച്ച് 'വ്യംഗ്യവ്യാഖ്യ' എന്ന ഒരു ഗ്രന്ഥവും രചിക്കുകയുണ്ടായി. അക്കാലത്ത്

INTERNATIONAL JOURNAL OF MULTIDISCIPLINARY EDUCATIONAL RESEARCH
ISSN:2277-7881; IMPACT FACTOR :8.017(2023); IC VALUE:5.16; ISI VALUE:2.286
Peer Reviewed and Refereed Journal: VOLUME:12, ISSUE:1(5), January: 2023
Online Copy of Article Publication Available (2023 Issues)
Scopus Review ID: A2B96D3ACF3FEA2A
Article Received: 2nd January 2023
Publication Date:10th February 2023
Publisher: Sucharitha Publication, India
Digital Certificate of Publication: www.ijmer.in/pdf/e-CertificateofPublication-IJMER.pdf

Cover Page

DOI: http://ijmer.in.doi./2023/01.01.106
www.ijmer.in

പ്രചാരത്തിലിരുന്ന രീതികളിൽ നിന്ന് വിഭിന്നമായി നേത്രാഭിനയത്തിലൂടെ കൂടുതൽ നാടകീയത കൈവരിക്കുവാനും അതിലൂടെ ആസ്വാദനംതന്നെ ഒരു കലയാക്കി മാറ്റുവാനും ശ്രമിച്ചു. കുലശേഖരവർമനുശേഷവും നടന്മാർ നേത്രാഭിനയരീതിതന്നെ പിന്തുടർന്നു. ഭാസന്റെ കൃതികളും അതിനോട് സാമ്യമുള്ളവയായിരുന്നു. ഭഗവദജ്ജുകം, മത്തവിലാസം, ആശ്ചര്യചൂഡാമണി, കല്യാണസൗഗന്ധികം തുടങ്ങിയവയും നേത്രാഭിനയരീതിക്ക് ഉതകുന്നവയായിരുന്നു.

സംസ്കൃതനാടകങ്ങളിൽനിന്ന് നേരിട്ടുണ്ടായതല്ല കൂടിയാട്ടം മറിച്ച് അഭിനയം കൂടുതൽ നൃത്താധിഷ്ഠിതമാവുകയും ആ പുതിയ അഭിനയരീതി സഹൃദയർ ഇഷ്ടപ്പെടുകയും അങ്ങനെ രൂപപ്പെട്ട് ഉണ്ടായവയ്ക്കാണ് കൂടിയാട്ടം എന്നൊരു അഭിപ്രായമുണ്ട്. കേരളത്തിലെ അക്കാലത്തെ നാടൻ കലാരൂപങ്ങളുടെ വ്യക്തമായ സ്വാധീനം ചക്യാർകൂത്തിലെയും കൂടിയാട്ടത്തിലെയും ഭാഷയിലും വേഷത്തിലും മറ്റും കാണുന്നതുകൊണ്ട് കൊല്ലവർഷം പത്താം നൂറ്റാണ്ടിനു മുമ്പേതന്നെ ഇവിടെ സജീവമായിക്കഴിഞ്ഞിരുന്ന സാമൂഹിക രാഷ്ട്രീയ മാറ്റങ്ങൾക്ക് വിധേയമായി സംസ്കൃതനാടകങ്ങൾ രംഗത്തവതരിപ്പിക്കാൻ ഇവിടത്തെ കലാപാരമ്പര്യങ്ങൾ ഉപയോഗപ്പെടുത്തി നടത്തിയ ശ്രമം ആണ് കൂടിയാട്ടത്തിന്റെ ആവിർഭാവത്തിനടിസ്ഥാനം എന്നൊരഭിപ്രായവും കലാചരിത്രകാരന്മാർക്കുണ്ട്. നാടകമെന്ന അഭിനയരൂപത്തിന്റെ സംഭാഷണാഭിനയ പ്രധാനങ്ങളായ പ്രാഗ്രൂപങ്ങൾ കേരളത്തിലെ നാടൻകലാരൂപങ്ങളിൽ മുൻകാലങ്ങളിൽ തന്നെ ഉണ്ടായിരുന്നു. അക്കാലത്ത് ഇത് സാമൂഹ്യവിമർശനധർമവും നിർവഹിച്ചിരുന്നു എന്നും ഈ വാദം മുന്നോട്ടുവയ്ക്കുന്നവർ പറയുന്നു. പ്രതിജ്ഞായൗഗന്ധരായണവും ഭഗവദജ്ജുകവും മത്തവിലാസവും പോലുള്ള രൂപകങ്ങൾക്ക് അന്നും വേദിയിൽ അവതരിപ്പിക്കാനുള്ള അവസരം കിട്ടിയിരുന്നതുകൊണ്ട് ബ്രാഹ്മണാധിപത്യം സമൂഹത്തിൽ വരുന്നതിനുമുമ്പേതന്നെ ഈ കലാരൂപം രൂപപ്പെട്ടുകഴിഞ്ഞിരുന്നു എന്നും ഇക്കൂട്ടർ വാദിക്കുന്നു.(2)

എ.ഡി.12,14 നൂറ്റാണ്ടുകൾക്കിടയിൽ കൂടിയാട്ടത്തിന്റെ രംഗവേദി ഒരുക്കിയിരുന്നത് ക്ഷേത്രമതില്ക്കകത്തുമാത്രമായിരുന്നു. അന്നാണ് നാടകത്തിന്റെ അനുഷ്ഠാനാംശങ്ങൾക്ക് പ്രാധാന്യമേറിയതും അതിനായി പ്രത്യേകം കൂത്തമ്പലങ്ങൾ നിർമിച്ചതും. 15, 16 നൂറ്റാണ്ടുകളിൽ നിർമിക്കപ്പെട്ടവയാണ് കേരളത്തിലെ പ്രധാന കൂത്തമ്പലങ്ങളെല്ലാം. കേരളത്തിൽ കൂടിയാട്ടം ക്ഷേത്രപരിസരങ്ങളിൽ വച്ചു മാത്രം (കൂത്തമ്പലങ്ങൾ ഉണ്ടെങ്കിൽ അവിടെ അല്ലെങ്കിൽ ക്ഷേത്രമതില്ക്കകത്ത്) അവതരിപ്പിക്കാനേ അനുവാദമുണ്ടായിരുന്നുള്ളു. പറക്കും കൂത്ത് മുതലായ ചിലഭാഗങ്ങൾ മാത്രം സൗകര്യത്തിനുവേണ്ടി മതില്ക്കു പുറത്ത് പറമ്പുകളിൽ നടത്താറുണ്ടായിരുന്നു. പുരുഷവേഷം കെട്ടിയിരുന്നത് ചാക്യാന്മാരും സ്ത്രീവേഷം കെട്ടിയിരുന്നത്. നങ്ങ്യാരമ്മമാ

Cover Page

INTERNATIONAL JOURNAL OF MULTIDISCIPLINARY EDUCATIONAL RESEARCH
ISSN:2277-7881; IMPACT FACTOR :8.017(2023); IC VALUE:5.16; ISI VALUE:2.286
Peer Reviewed and Refereed Journal: VOLUME:12, ISSUE:1(5), January: 2023
Online Copy of Article Publication Available (2023 Issues)
Scopus Review ID: A2B96D3ACF3FEA2A
Article Received: 2nd January 2023
Publication Date:10th February 2023
Publisher: Sucharitha Publication, India
Digital Certificate of Publication: www.ijmer.in/pdf/e-CertificateofPublication-IJMER.pdf

DOI: http://ijmer.in.doi./2023/01.01.106
www.ijmer.in

രുമാണ്. അഥവാ അവർക്കുമാത്രമേ അതിനുള്ള അവകാശമുണ്ടായിരുന്നുള്ളു. മിഴാവുകൊട്ടുന്നത് നമ്പ്യാർമാരായിരുന്നു. അവതരിപ്പിക്കുന്ന കഥയുടെ സാരം പറയുന്നതും നമ്പ്യാർ തന്നെ. രംഗത്ത് പാട്ടുപാടി താളം പിടിക്കന്നതും അപ്രധാന കഥാപാത്രങ്ങളുടെ സംഭാഷണങ്ങൾ പറയുന്നതും നങ്ങ്യാരമ്മമാരാണ്.

ക്ഷേത്രത്തിന്റെ സ്വന്തം കലാരൂപങ്ങളായിരുന്ന ചാക്യാർകൂത്തിനെയും കൂടിയാട്ടത്തെയും ക്ഷേത്രത്തിന്റെ മതിൽക്കെട്ടുകൾക്കകത്തുനിന്ന് പുറത്തേക്കാനയിച്ചത് പ്രശസ്ത ചാക്യാർകൂത്ത്. കൂടിയാട്ടം കലാകാരനും നാട്യാചാര്യനും ആയ യശ്ശശരീരനായ ഗുരു പത്മശ്രീ മാണികൃമാധവചാക്യാരാണ്. ഗുരു മാണി മാധാവചാക്യാരും മാണി ദാമോദരചാക്യാരുമായിരുന്നു കേരളത്തിനു പുറത്ത് ആദ്യമായി കൂടിയാട്ടത്തെ(1962-ൽ തോരണയുദ്ധം, ചെന്നൈയിൽ) അരങ്ങിലെത്തിയത്.

**നാട്യധർമി-ലോകധർമി**

അരങ്ങിലെ നടന്റെ ചതുർവിധാഭിനയങ്ങളാകുന്ന ക്രിയകളിലൂടെ കഥാപാത്രങ്ങളുടെ ഭാവങ്ങൾ ആസ്വാദകനിലേയ്ക്ക് പകരുന്ന പ്രക്രിയയ്ക്കു സ്വീകരിക്കുന്ന രണ്ട് അഭിനയരീതികളാണ് നാട്യധർമിയും ലോകധർമിയും.

ലോകധർമീ നാട്യധർമീ, ധർമീതി ദ്വിവിധഃ സ്മൃതഃ
ഭാരതീ സാത്ത്വതീ ചൈവ കൈശിക്യാരഭടീ തഥാ
ചതസ്രോ വൃത്തയോ ഹ്യേതാ യാസു നാട്യം പ്രതിഷ്ഠിതം.
(നാട്യശാസ്ത്രം VI-24, 25)

ശാസ്ത്രവിധിപ്രകാരം ചിട്ടപ്പെടുത്തിയിട്ടുള്ള അഭിനയം നാട്യധർമ്മിയെന്നും ലോകത്തെ അഥവാ ചുറ്റുപാടുകളെ അപഗ്രഥിച്ച് അനുകരിച്ചവതരിപ്പിക്കുന്നത് ലോകധർമി എന്നും പറയാം. നാട്യധർമി ചിട്ടപ്പെടുത്തലുകൾക്ക് വിധേയമായതിനാൽ എല്ലാ നടന്മാരും സമാന സന്ദർഭങ്ങളിൽ ഒരേരീതിയിലാണ് പ്രവർത്തിക്കുന്നത്. അതിനാൽ നാട്യധർമിക്ക് കൃത്രിമതയുണ്ടെങ്കിലും ഐകരൂപ്യമുണ്ടാകും. നാട്യധർമിയേയും ലോകധർമ്മിയേയും കൃത്യമായി നിർവചിക്കാൻ കഴിയില്ല എന്നതുപോലെതന്നെ. ഇവയിൽ ഏതാണ് കൂടുതൽ ശ്രേഷ്ഠം എന്ന് തീർത്തു പറയാനും നിവൃത്തിയില്ല. രണ്ടും സവിശേഷമായ ധർമം പുലർത്തുന്നുണ്ട്. നാട്യധർമിയിൽ ശാസ്ത്രീയത നിലനിർത്തുന്നുവെങ്കിൽ ലോകധർമിക്ക് ആസ്വാദ്യത കൂടിനില്ക്കും. നാട്യധർമിയിൽ ഒരളവുവരെ ലോകധർമിയുണ്ടെന്ന് സൂക്ഷ്മനിരീക്ഷണത്തിൽ ബോധ്യമാകും. നാട്യശാസ്ത്രപരമായ സമഗ്രമായ ചിട്ടപ്പെടുത്തലുകൾക്ക് വിധേയമായതിനാൽ കൂടിയാട്ടത്തിൽ നാട്യധർമിക്കാണ് പ്രാധാന്യം.


Cover Page

International Journal of Multidisciplinary Educational Research
ISSN:2277-7881; Impact Factor :8.017(2023); IC Value:5.16; ISI Value:2.286
Peer Reviewed and Refereed Journal: VOLUME:12, ISSUE:1(5), January: 2023
Online Copy of Article Publication Available (2023 Issues)
Scopus Review ID: A2B96D3ACF3FEA2A
Article Received: 2nd January 2023
Publication Date:10th February 2023
Publisher: Sucharitha Publication, India
Digital Certificate of Publication: www.ijmer.in/pdf/e-CertificateofPublication-IJMER.pdf

DOI: http://ijmer.in.doi./2023/01.01.106
www.ijmer.in

**കൂടിയാട്ടത്തിലെ ചതുർവിധാഭിനയം**

ഭരതമുനിയുടെ നാട്യശാസ്ത്രത്തിൽ നാലുവിധം അഭിനയങ്ങളെക്കുറിച്ചു വിവരിക്കുന്നുണ്ട്.

ആങ്ഗികോ വാചികാശ്ചൈവാ–
ഹ്യാഹാര്യാഃ സാത്ത്വികാസ്തഥാ
ചത്വാരോഭിനയാ ഹ്യേതേ
വിജ്ഞേയാ നാട്യസംശ്രയാഃ–

(നാട്യശാസ്ത്രം VI-23)

ആംഗികം, വാചികം, ആഹാര്യം, സാത്ത്വികം എന്നിങ്ങനെ അഭിനയസങ്കേതങ്ങൾ നാലെണ്ണമാണെന്ന് ഭരതമുനി നിർദ്ദേശിക്കുന്നു.

**1. ആംഗികം**

ശിരസ്സുതൊട്ട് പാദം വരെയുള്ള എല്ലാ പ്രധാന അംഗങ്ങളും പുരികം, കൺപോള, കവിൾ, കൃഷ്ണമണി മുതലായ ഉപാംഗങ്ങൾ എല്ലാം തന്നെ ഉപയോഗിച്ചുകൊണ്ടുള്ള സർവാംഗാഭിനയമാണ് കൂടിയാട്ടത്തിലെ ആംഗികാഭിനയം. കഠിനവും നിരന്തരവുമായ പരിശീലനം കൊണ്ടുമാത്രമേ ആംഗികാഭിനയത്തിൽ വൈദുഷ്യം നേടാൻ കഴിയൂ. വിദൂഷകന്റെ ഒഴിച്ചുള്ള മിക്ക കഥാപാത്രങ്ങളുടെയും അഭിനയം ആംഗികപ്രധാനമാണ്;

വാചികാഭിനയവും ആംഗികാഭിനയവും ഒന്നിച്ചു പ്രയോഗിക്കുന്ന രീതിയാണധികവും. വാചികാഭിനയത്തിന്റെ കൂടെ നാലു പ്രാവശ്യം ആംഗികാഭിനയം വേണം. ആദ്യം സംഭാഷണം ഗദ്യമായാലും പദ്യമായാലും വാചികാഭിനയത്തോടൊപ്പം അതിലെ പദങ്ങൾക്കനുസൃതമായി സ്തോഭങ്ങളോടെ മുദ്ര കാണിക്കും രണ്ടാമത് വാചികാഭിയമില്ലാതെ (വാക്കുകൾ ഉച്ചരിക്കാതെ) അവയുടെ അർഥം ആടുക. മൂന്നാമത്, ദീർഘവാക്യങ്ങളിലും പദ്യങ്ങളിലും അന്വയക്രമത്തിൽ പദങ്ങൾ പറഞ്ഞ മുദ്ര കാണിച്ച് അഭിനയിക്കുക. നാലാമത് അന്വയാർഥവും അവയുടെ വിശദീകരണവും അഭിനയിക്കുക. ഇത്തരത്തിൽ നാലുവട്ടം വാചികവും ആംഗികവുമായി അഭിനയം പൂർത്തിയാക്കുമ്പോഴേക്കും സംസ്കൃതം അറിയാത്തവർക്കും പ്രസ്തുതസന്ദർഭത്തിലെ ആശയം പൂർണമായും മനസ്സിലാക്കാൻ കഴിയും.

**2. വാചികം**

നടന്മാർ സന്ദർഭത്തിനനുസൃതമായി സ്വരങ്ങൾ പ്രയോഗിച്ച് ചൊല്ലുന്ന വാക്യമാണ് വാചികാഭിയം. നാടകകൃത്ത് തയ്യാറാക്കിയിട്ടുള്ള ഗദ്യങ്ങളും ശ്ലോകങ്ങളും നായകൻ ഓരോന്നിനും വിധിച്ചിട്ടുള്ള പ്രത്യേക സ്വരത്തിൽ നീട്ടി ചൊല്ലുന്നു.



Cover Page

**International Journal of Multidisciplinary Educational Research**
ISSN:2277-7881; Impact Factor :8.017(2023); IC Value:5.16; ISI Value:2.286
Peer Reviewed and Refereed Journal: VOLUME:12, ISSUE:1(5), January: 2023
Online Copy of Article Publication Available (2023 Issues)
Scopus Review ID: A2B96D3ACF3FEA2A
Article Received: 2nd January 2023
Publication Date:10th February 2023
Publisher: Sucharitha Publication, India
Digital Certificate of Publication: www.ijmer.in/pdf/e-CertificateofPublication-IJMER.pdf

DOI: http://ijmer.in.doi./2023/01.01.106
www.ijmer.in

കൂടിയാട്ടത്തിലെ വാചികാഭിനയത്തിന് ആധാരമായി മൂലനാടകത്തിലെ പദ്യഗദ്യങ്ങൾക്കു പുറമേ വിദൂഷകൻ തമിഴും മണിപ്രവാളവും ഉപയോഗിക്കുന്നു. സംസ്കൃതനാടകങ്ങളിൽ സംസ്കൃതത്തിലും പ്രാകൃതത്തിലും സംഭാഷണങ്ങൾ ഉണ്ട്. നീചകഥാപാത്രങ്ങളും സ്ത്രീകഥാപാത്രങ്ങളും പ്രാകൃതമേ പറയാവൂ എന്ന് നിഷ്കർഷയുണ്ട്. വിദൂഷകൻ ആദ്യം പ്രാകൃതവും പിന്നെ അതിനു സമാനമായ മലയാളവും പറയും. മറ്റെല്ലാ നാടകങ്ങളിൽ നിന്നും വ്യത്യസ്തമായി വേദത്തിലെ ഋക്കുകൾ ഉദാത്ത അനുദാത്ത സ്വരിതഭേദങ്ങളോടുകൂടി പോകുന്നതുപോലെ വളരെ സാവധാനത്തിലാണ് കൂടിയാട്ടത്തിലെ വാചികാഭിനയം. പദ്യങ്ങളുടെ ഉച്ചാരണത്തിൽ നിശ്ചിതമായ രാഗപ്രയോഗങ്ങൾ കൂടിയുണ്ട്. ശാസ്ത്രീയ സംഗീതത്തിൽ അപൂർവമായി ആലപിക്കുന്ന ഇന്ദളം, പുറനീർ എന്നീ പ്രസിദ്ധരാഗങ്ങളാണ് ഇതിൽ ഉപയോഗിക്കുന്നത്.

**3. ആഹാര്യം**

ചതുർവിധാഭിനയങ്ങളിൽ സുപ്രധാനമായതാണ് കിരീട-കടക-ഭൂഷണാദികൾ ഉൾപ്പെട്ട വേഷവിധാനവും രംഗസജ്ജീകരണങ്ങളും ചേർന്ന ആഹാര്യാഭിനയം. അരങ്ങും അണിയലുമാണ് ആഹാര്യം. പുരാതനകാലത്ത് കേരളത്തിന്റേതായ വിവിധ ദൃശ്യകലാരൂപങ്ങളിൽ ഉണ്ടായിരുന്ന വേഷഭൂഷകൾ പരിഷ്കരിച്ചെടുത്തതാണ് കൂടിയാട്ടത്തിലെ ചമയങ്ങൾ. നാട്യത്തിന്റെ നിലവാരം ഉയർത്താൻ വേഷവിധാനത്തിലും പരമാവധി ശ്രദ്ധപുലർത്തണം എന്ന് നാട്യശാസ്ത്രം പ്രത്യേകം നിർദ്ദേശിക്കുന്നുണ്ട്. ആഹാര്യത്തിൽ പുസ്തകം, അലങ്കാരം, അംഗരചന, സജ്ജീവം എന്നിങ്ങനെ പ്രധാനമായി നാലു വിഭാഗമുണ്ട്. പർവതങ്ങൾ, മരങ്ങൾ, വാഹനങ്ങൾ, ആയുധങ്ങൾ തുടങ്ങിയ നാട്യോപകരണങ്ങളാണ് പുസ്തകം എന്ന വിഭാഗത്തിലുള്ളത്. കഥാപാത്രസ്വഭാവമനുസരിച്ച് അംഗോപാംഗങ്ങളിൽ അണിയാനുള്ള ആഭരണങ്ങൾ, വസ്ത്രങ്ങൾ എന്നിവയാണ് അലങ്കാരം. മുഖത്തും ദേഹത്തും വിവിധങ്ങളായ ചായങ്ങൾ തേച്ച് നിറം വരുത്തുന്നതാണ് അംഗരചന. ജീവനുള്ള ജന്തുക്കളെ രംഗത്തു പ്രദർശിപ്പിക്കുന്നതാണ് സജ്ജീവം.

നായകന്റെ വേഷം മുഖത്ത് പച്ചയോ (മഞ്ഞനിറത്തിലുള്ള മനയോലയും നീലവും എണ്ണയും ചേർത്ത് അരച്ചെടുത്തത്) പഴുക്കയോ (മഞ്ഞനിറത്തിലുള്ള മനയോല എണ്ണചേർത്ത് അരച്ചെടുത്തത്) ആയിരിക്കും. രാജാക്കന്മാരല്ലാത്ത നായകന്മാർക്ക് പഴുക്കയും രാവണൻ തുടങ്ങിയവർക്ക് കത്തിയും ആണ് വേഷം. തെച്ചിപ്പൂവുകൊണ്ടുണ്ടാക്കുന്ന കേശഭാരം, കിരീടം, കഞ്ചുകം എന്നിവ അണിഞ്ഞ് അരയിൽ പൃഷ്ഠം (ചെറിയ തലയണയുടെ ആകൃതിയിലുള്ളത്. ഉടുത്തുകെട്ട് വിടർന്നു നില്ക്കാനാണിത്.) വച്ചുകെട്ടുകയും ചെയ്യുന്നു.

International Journal of Multidisciplinary Educational Research
ISSN:2277-7881; Impact Factor :8.017(2023); IC Value:5.16; ISI Value:2.286
Peer Reviewed and Refereed Journal: VOLUME:12, ISSUE:1(5), January: 2023
Online Copy of Article Publication Available (2023 Issues)
Scopus Review ID: A2B96D3ACF3FEA2A
Article Received: 2nd January 2023
Publication Date:10th February 2023
Publisher: Sucharitha Publication, India
Digital Certificate of Publication: www.ijmer.in/pdf/e-CertificateofPublication-IJMER.pdf
Cover Page
DOI: http://ijmer.in.doi./2023/01.01.106
www.ijmer.in

**4. സാത്വികം**

ചതുർവിധാഭിനയങ്ങളിൽ പ്രമുഖസ്ഥാനം സാത്വികാഭിനയത്തിനാണ്. നിരന്തരമായ അഭ്യാസത്തിലൂടെ നടൻ കൈവരിച്ച കഴിവിനേക്കാൾ സ്വന്തംകഴിവു തെളിയുന്നത് സാത്വികാഭിനയത്തിലാണ്. സ്വത്വത്തിൽനിന്ന് അഥവാ ഉള്ളിൽ നിന്നുണ്ടായത് എന്നാണ് സാത്വികത്തിന് അർഥം, രസാഭിനയത്തെ അടിസ്ഥാനമാക്കിയ സാത്വികാഭിനയമാണ് കൂടിയാട്ടത്തിന്റെ മുഖ്യഘടകം. സാത്വികാഭിനയത്തിന്റെ കാര്യത്തിൽ കൂടിയാട്ടം മറ്റു കലാരൂപങ്ങളെ അപേക്ഷിച്ച് ഉന്നതനിലവാരം പുലർത്തുന്നു. അഭിനേതാക്കളായ നായികാനായകന്മാർക്ക് ആദ്യന്തം സ്ഥിരമായി നിൽക്കുന്ന ഭാവങ്ങളാണ് രസങ്ങൾ. സ്ഥിരഭാവത്തെ പോഷിപ്പിക്കുന്ന മറ്റ് അപ്രധാനഭാവങ്ങളും ഉണ്ടാകും.

കൂടിയാട്ടത്തിൽ സാത്വികാഭിനയത്തിന് എട്ടു രസങ്ങളാണ് അംഗീകരിച്ചിട്ടുള്ളത്. എല്ലാ രസങ്ങളും ഉണ്ടാകുന്നതും വിലയിക്കുന്നതും ശാന്തരസത്തിലാണെന്നതിനാൽ ശാന്തം ഒരു രസമായി കണക്കാക്കിയിട്ടില്ല. ഭരതമുനി എട്ടു രസങ്ങളെ മാത്രമേ സ്വീകരിച്ചിട്ടുള്ളൂ.

(ശൃങ്ഗാരഹാസ്യ കരുണാ രൗദ്രവീരഭയാനകാഃ
ബീഭത്സാദ്ഭുതസംജ്ഞൌ ചേത്യഷ്ടൗ നാട്യേ രസാഃ സ്മൃതാഃ
-(നാട്യശാസ്ത്രം VI-15)

ശാന്തരസം സ്വാനുഭവവേദ്യമാണ്. അത് അഭിനയിച്ചു ഫലിപ്പിച്ച് സഹൃദയന് അനുഭവവേദ്യമാക്കാൻ കഴിയില്ല എന്നതാണ് അതിനു കാരണമായി പറയുന്നത്.

കൂടിയാട്ടത്തിൽ ചാക്യാർ രംഗത്തുവന്നാൽ ആദ്യം ദീപനാളത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കും. അതുവരെ താൻ സമ്പർക്കം പുലർത്തിയ ചുറ്റുപാടുകളിൽനിന്നു മാറി കഥാപാത്രത്തിന്റെ സ്വത്വം ഉൾക്കൊള്ളുന്ന പാകപ്പെടലാണ് ഇത്.

കൂടിയാട്ടം ഒരനുഷ്ഠാനകലാരൂപമാണ് എന്നതിനോടൊപ്പംതന്നെ പണ്ഡിതസദസ്സിനെ ആനന്ദിപ്പിക്കുന്ന ഭാവമണ്ഡലം സൃഷ്ടിക്കുന്ന നാടകവുമാണ്. എന്തുകൊണ്ടെന്നാൽ അഭിനയത്തിന്റെ സർവാംഗീണമായ തികവ് കൂടിയാട്ടത്തിലാണ് കാണാൻ കഴിയുക. ദിവ്യമായ അനുഭൂതി സൗന്ദര്യാനുഭവം ഇവ രണ്ടും ചേർന്ന ഭക്തിസാന്ദ്രമായ ഒരു ഭാവതീവ്രതയുണ്ട് അതിന്റെ അനുഷ്ഠാനങ്ങൾക്ക്. 20-ാം നൂറ്റാണ്ടിന്റെ ഉത്തരാർധത്തിലാണ് പൊതുവേദിയിൽ കൂടിയാട്ടം അവതരിപ്പിച്ചുതുടങ്ങിയത്. കേരളത്തിനു പുറത്ത് അവതരിപ്പിക്കപ്പെട്ടത് 1960-ലാണ്. ഭാരതത്തിനു വെളിയിൽ അവതരിപ്പിക്കപ്പെടുന്നത് 1988-ലാണ്. ചുരുങ്ങിയ കാലത്തിനുള്ളിൽ ലോകനാടകവേദിയിൽ സമുന്നതമായ സ്ഥാനം നേടിയെടുക്കാൻ കൂടിയാട്ടത്തിനു കഴിഞ്ഞു. പൈതൃകകലാരൂപങ്ങളിൽ കൂടിയാട്ടത്തെ യുനെസ്കോ സമഗ്രകലാരൂപമായി അംഗീകരിച്ചു. യശശ്ശരീരനായ പൈങ്കുളം രാമച്ചാക്യാരുടെ നേതൃത്വത്തിൽ ക്ഷണിക്കപ്പെട്ട സദസ്സിന്റെ


Cover Page

INTERNATIONAL JOURNAL OF MULTIDISCIPLINARY EDUCATIONAL RESEARCH
ISSN:2277-7881; IMPACT FACTOR :8.017(2023); IC VALUE:5.16; ISI VALUE:2.286
Peer Reviewed and Refereed Journal: VOLUME:12, ISSUE:1(5), January: 2023
Online Copy of Article Publication Available (2023 Issues)
Scopus Review ID: A2B96D3ACF3FEA2A
Article Received: 2nd January 2023
Publication Date:10th February 2023
Publisher: Sucharitha Publication, India
Digital Certificate of Publication: www.ijmer.in/pdf/e-CertificateofPublication-IJMER.pdf

DOI: http://ijmer.in.doi./2023/01.01.106
www.ijmer.in

മുമ്പിൽ 6 ദിവസംകൊണ്ട് അഭിനയിച്ച സുഭദ്രാധനഞ്ജയമാണ് പൊതുവേദിയിൽ അരങ്ങേറിയ ആദ്യത്തെ കൂടിയാട്ടം. കഥകളിക്ക് വള്ളത്തോൾ നല്കിയ സംഭാവന കൂടിയാട്ടത്തിന് പൈങ്കുളം ചെയ്തു. അവതരണ ദൈർഘ്യവും കഥാഭാഗവും തമ്മിലും വളരെ ബന്ധമുണ്ട്. മുപ്പത്തിയഞ്ചു രാത്രികൊണ്ട് അരങ്ങേറിയിരുന്ന ഒരു കലാരൂപമായിരുന്നു ഇത്. അഭിഷേകനാടകത്തിലെ ബാലിവധം, തോരണയുദ്ധം തുടങ്ങിയ ഭാഗം അഞ്ചുദിവസംകൊണ്ടാണ് അവതരിപ്പിച്ചിരുന്നത്. അങ്ങനെ അനേക ദിവസങ്ങൾ ആടിയിരുന്ന കഥകൾ ചുരുക്കി ഇപ്പോൾ അരങ്ങിനിണങ്ങുംവിധം ചുരുക്കി ചിട്ടപ്പെടുത്തി.(3)

യതോ ഹസ്തസ്തതോ ദൃഷ്ടിഃ
യതോ ദൃഷ്ടിസ്തതോ മനഃ,
യതോ മനസ്തതോ ഭാവോ
യതോ ഭാവസ്തതോ രസഃ. എന്ന അഭിനയത്തിന്റെ രസതന്ത്രം കൂടിയാട്ടത്തിലാണ് പൂർണമാകുന്നത്.

**ഉപസംഹാരം**

സംസ്കൃതഭാഷാപാണ്ഡിത്യവും ഭാവാഭിനയവും ശബ്ദനിയന്ത്രണ വൈദഗ്ധ്യവും ഭാവത്തിനനുസരിച്ച് രസങ്ങളുടെ ആരോഹണാവരോഹണങ്ങളും ചില വ്യാക്ഷേപകങ്ങളും ചില അടക്കിച്ചിരികളും ചില നോട്ടങ്ങളും ഒക്കെച്ചേർന്ന ഒരു സമഗ്രകലാരൂപമാണ് കൂടിയാട്ടം. കഥകളിയിൽ നടന് (ഇതിന് അപവാദം ഇല്ലാതില്ല.) പാട്ടില്ല, സംഭാഷണമില്ല. അതുകൊണ്ടുതന്നെ കഥകളിനടനാകാൻ സംഭാഷണചതുരനോ നല്ലൊരു ഗായകനോ ആകണമെന്നില്ല. എന്നാൽ ഈ ഗുണങ്ങളെല്ലാം കൂടിയാട്ടകലാകാരനോ കലാകാരിക്കോ വേണം. അതുകൊണ്ടു തന്നെയാണ് ഇതൊരു സമഗ്രകലാ രൂപമാകുന്നതും.

കുടിയാട്ടം പോലുള്ള അനുഷ്ഠാനകലകൾ ജനപ്രിയതയ്ക്കുവേണ്ടിയും കച്ചവടതാൽപര്യങ്ങൾക്കുവേണ്ടിയും പലതരം മാറ്റങ്ങൾക്ക് വിധേയമാക്കി നവീകരിക്കുമ്പോൾ അത് അവയുടെ അനുഷ്ഠാനാംശത്തെയും പാരമ്പര്യത്തെയും തനിമയെയും ആണ് ചോദ്യം ചെയ്യുന്നത്. അതുവഴി നിശ്ചിതസമയത്തും കാലത്തും വ്രതനിഷ്ഠയോടെ ആചരിക്കപ്പെട്ടുപോന്ന കലാരൂപങ്ങൾക്ക് അവയുടെ അനുഷ്ഠാനാംശങ്ങൾ നഷ്ടപ്പെടുകയും അതിലെ കലാംശത്തെ മാത്രം സ്വീകരിക്കുകയും ചെയ്യുന്ന ഒരു മാറ്റം സജീവമാവുകയും അത് നൂറ്റാണ്ടുകളായി കാത്തുസൂക്ഷിച്ചുപോന്ന ഇത്തരം കലാരൂപങ്ങളുടെ സ്വത്വത്തിനു തന്നെ വെല്ലുവിളിയായി മാറുകയും ചെയ്യും.

Cover Page

**INTERNATIONAL JOURNAL OF MULTIDISCIPLINARY EDUCATIONAL RESEARCH**
ISSN:2277-7881; IMPACT FACTOR :8.017(2023); IC VALUE:5.16; ISI VALUE:2.286
Peer Reviewed and Refereed Journal: VOLUME:12, ISSUE:1(5), January: 2023
Online Copy of Article Publication Available (2023 Issues)
Scopus Review ID: A2B96D3ACF3FEA2A
Article Received: 2nd January 2023
Publication Date:10th February 2023
Publisher: Sucharitha Publication, India
Digital Certificate of Publication: www.ijmer.in/pdf/e-CertificateofPublication-IJMER.pdf

DOI: http://ijmer.in.doi./2023/01.01.106
www.ijmer.in

**കുറിപ്പുകൾ**

1. ഗോപാലകൃഷ്ണൻ പി. കെ., കേരളത്തിന്റെ സാംസ്കാരികചരിത്രം, പുറം.15,
2. മധു മാർഗ്ഗി, എന്റെ ചിട്ടപ്പെടുത്തലുകൾ, കൂടിയാട്ടത്തിന്റെ പുതിയ മുഖം, പുറം. 26
3. Ibid പുറം. 34

**റഫറൻസ്**


1. അപ്പുക്കുട്ടൻനായർ, ഡി., ആമുഖോപന്യാസം, നാട്യകല്പദ്രുമം, ചെറുതുരുത്തി, കേരളകലാമണ്ഡലം, 1996.
2. ഗോപാലകൃഷ്ണൻ, പി.കെ., കേരളത്തിന്റെ സാംസ്കാരിക ചരിത്രം, നളന്ദ, തിരുവനന്തപുരം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2010.
3. പൗലോസ്, കെ.ജി., കൂടിയാട്ടം അഭിനയത്തിന്റെ തുടർച്ചയും വളർച്ചയും, തിരുവനന്തപുരം, ഗ്രീൻ ബുക്സ്, 2020.
4. പൗലോസ്, കെ.ജി., ഭാവശില്പം, തിരുവനന്തപുരം, ഗ്രീൻ ബുക്സ്, 2021.
5. ഭരതമുനി, നാട്യശാസ്ത്രം, കാവാലം നാരായണപ്പണിക്കർ (വിവ.), സാഹിത്യഅക്കാദമി, തൃശൂർ, 2014
6. മധുമാർഗി, എന്റെ ചിട്ടപ്പെടുത്തലുകൾ, കൂടിയാട്ടത്തിന്റെ പുതിയ മുഖം, തൃപ്പൂണിത്തറ, ഇന്റർനാഷണൽ സെന്റർ ഫോർ കൂടിയാട്ടം, 2005.
7. ശ്രീധരമേനോൻ, എം., കേരളസംസ്കാരം, കോട്ടയം, എൻ.ബി.എസ്., 1978.


Dr. Mary M. Abraham
Associate Professor
Department of Malayalam
St.John's College, Anchal